# സാധാരണ ആരാധനക്രമം

സഭ പരിശുദ്ധാത്മാവിനോടുള്ള അപേക്ഷയായിട്ട് ഒരു പാട്ടു പാടണം. സഭ എഴുന്നേറ്റിട്ട് ശുശ്രൂഷകൻ പീഠത്തിങ്കൽ നിന്നു സഭയെ നോക്കി പാടേണ്ടത്:



പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും | നാ മ ത്തിൽ.

സഭ:



ആ - - മേൻ.

## പാപം ഏറ്റു പറച്ചിൽ *(CONFESSION OF SINS)*

ശുശ്രൂ:



കർത്താവിൽ പ്രിയം | ഉള്ള വ രേ,



പരമാർത്ഥ ഹൃദയത്തോടെ | അടു ത്തു വ ന്നു



നമ്മുടെ പിതാവായ ദൈവത്തോടു നമ്മുടെ പാപങ്ങളെ | ഏ റ്റു പറ കയും



നമ്മുടെ കർത്താവായ യേശുക്രിസ്തുവിൻ | നാ മ ത്തിൽ



നമുക്കു പാപക്ഷമ നല്കണമെന്ന് അപേക്ഷിക്കയും | ചെ യ്യു ക.

ശുശ്രൂഷകൻ : (പീഠത്തിങ്കലേക്കു തിരിഞ്ഞ്)



നമ്മുടെ സഹായം യഹോവയുടെ നാമത്തിൽ | ഉ ള്ള ത്

സഭ:



ആകാശത്തെയും ഭൂമിയെയും ഉണ്ടാക്കിയതു | അവ ന ല്ലോ.

ശുശ്രൂ:



എൻ ലംഘനങ്ങളെ യഹോവയോടു ഏറ്റുപറയും എന്നു ഞാൻ | പ റ ഞ്ഞു.

സഭ:



അപ്പോൾ നീ എന്റെ പാപത്തിന്റെ കുറ്റം | ക്ഷമിച്ചു ത ന്നു.

ശുശ്രൂ:



സ ർവ ശക്തിയു ള്ള ദൈ വ മേ,



ഞങ്ങളുടെ സ്രഷ്ടാവും രക്ഷിതാവും ആ യു ള്ളോ വേ,



അരിഷ്ട പാപികളായിരിക്കുന്ന ഞങ്ങൾ സ്വഭാവത്താൽ
പാപമുള്ളവരും അശുദ്ധരും ആകുന്നു | എ ന്നും,



നിനക്കു വിരോധമായി വിചാരങ്ങളാലും വാക്കുകളാലും പ്രവൃത്തി
കളാലും പാപം ചെയ്തിരിക്കുന്നു എന്നും ഞങ്ങൾ നിന്നോടു ഏറ്റു | പറ യു ന്നു



ആ ക യാൽ ഞങ്ങൾ അഭയം പ്രാപിപ്പാൻ നിന്റെ
അളവറ്റ കരുണയ്ക്കായി ഓ | ടി വരി കയും



ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു | നി മി ത്തം



ഞങ്ങളോടു കൃപയുള്ളവൻ ആകണമെന്ന്
വിനയമായി യാചിക്കയും | ചെ യ്യു ന്നു

സഭ ശുശ്രൂഷകനോടുകൂടെ ചൊല്ലേണ്ടത്:

മഹാ കരുണയുള്ള ദൈവമേ, നിന്റെ ഏകജാതനായ പുത്രനെ ഞങ്ങൾക്കു പകരം മരണത്തിനു ഏല്പിച്ചവനേ, ഞങ്ങളോടു കൃപയുണ്ടായി ഞങ്ങളുടെ എല്ലാ പാപങ്ങളെയും അവൻ നിമിത്തം ക്ഷമിക്കേണമേ. നിന്നെയും നിന്റെ ഇഷ്ടത്തെയും കുറിച്ചുള്ള സത്യ അറിവിനെയും, നിന്റെ വചനത്തോടുള്ള ഹൃദയപൂർവമായ അനുസരണത്തെയും, നിന്റെ പരിശുദ്ധാത്മാവിനാൽ ഞങ്ങളിൽ വർദ്ധിപ്പിക്കണമെന്നും, ഒടുവിൽ നിന്റെ കൃപയാൽ നിത്യജീവൻ പ്രാപിപ്പാൻ ഞങ്ങളെ അനുഗ്രഹിക്കണമെന്നും, ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മുഖാന്തിരം ഞങ്ങൾ പ്രാർത്ഥിക്കുന്നു. ആമേൻ.

അപ്പോൾ ശുശ്രൂഷകൻ സഭയെ നോക്കി ചൊല്ലേണ്ടത്:

നമ്മുടെ സ്വർഗസ്ഥപിതാവാകുന്ന സർവശക്തിയുള്ള ദൈവം നമ്മോടു കൃപയുണ്ടായി തന്റെ ഏക പുത്രനെ നമുക്കു പകരം മരണത്തിനു ഏല്പിച്ചിരിക്കുന്നു. അവൻ നിമിത്തം നമ്മുടെ എല്ലാ പാപങ്ങളെയും ക്ഷമിക്കുന്നു. അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുക്കുന്നു; തന്റെ പരിശുദ്ധാത്മാവിനെ നൽകും എന്നു വാഗ്ദത്തം തന്നും ഇരിക്കുന്നു. വിശ്വസിക്കുകയും സ്നാനം ഏല്ക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും. കർത്താവു ഇതു നമുക്കു എല്ലാവർക്കും നൽകുമാറാകട്ടെ.

സഭ:



ആ . . . മേൻ

## ആരംഭവാക്യം ( *INTROIT* )

അതതു ഞായറാഴ്ചകൾക്കും വിശേഷ ദിവസങ്ങൾക്കും കുറിക്കപ്പെട്ടിട്ടുള്ള ആരംഭ വാക്യം ശുശ്രൂഷകനും സഭയും മാറി മാറി പാടണം. (പുറം 56 കാണുക)
(ആഗമനത്തിന്റെ ഒന്നാം ഞായർ)

ശുശ്രൂ:



1. യ-ഹോ-വേ നിങ്കലേക്കു ഞാൻ മനസ്സു | യ ർത്തു ന്നു
2. ഞാൻ ലജ്ജിച്ചു പോ | ക രു തേ
3. നിന്നെ കാത്തിരിക്കുന്ന ഒ | രു ത്ത നും
4. യഹോവേ, നിന്റെ വഴികളെ എന്നെ അറിയി | ക്കേ ണ മേ

സഭ:



1. എന്റെ ദൈവമേ നിന്നിൽ ഞാൻ ആ | ശ്ര യി ക്കു ന്നു
2. എന്റെ ശത്രുക്കൾ എന്റെ മേൽ ജയം ഘോ | ഷി ക്ക രു തേ
3. ലജ്ജിച്ചു . . . | പോ ക യി ല്ല
4. നിന്റെ പാതകളെ എനിക്കുപദേശിച്ചു | ത രേ ണ മേ

## ത്രിത്വസ്തുതി (*GLORIA PATRI*)

സഭ:



പി താ വി ന്നും പു ത്ര ന്നും പ രി ശു ദ്ധാ ത്മാ വി ന്നും



മ ഹ ത്വം ഉ ണ്ടാ ക ട്ടെ. ആ -



ദി യി ങ്ക ലും ഇ പ്പോ ഴും എ



ന്നേ - ക്കും ഉള്ള പ്ര കാ രം ത ന്നെ, ആ മേൻ.

## കർത്താവിനോടുള്ള യാചന *(THE KYRIE)*

ശുശ്രൂഷകനും സഭയും ചേർന്നു പാടണം.



ക ർത്താ വേ ഞങ്ങളോടു കരുണയുണ്ടാ കേ ണമേ



ക്രി സ്തു വേ ഞങ്ങളോടു കരുണയുണ്ടാ കേ ണമേ



ക ർത്താ വേ ഞങ്ങളോടു കരുണയുണ്ടാ കേ ണമേ

## അത്യുന്നത സ്തുതി *(GLORIA IN EXCELSIS)*

ശുശ്രൂ:



അത്യുന്നതങ്ങളിൽ ദൈവത്തിന്നു മ ഹ ത്വം.

സഭ:



ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്ക് | സ മാ ധാ - നം .

ശുശ്രൂഷകനും സഭയും:



കർത്താവായ ദൈവമേ സ്വർഗീയ രാ ജാ വേ | സർവശക്തി



യുള്ള പിതാ | വാ യ ദൈ വ മേ


ഞങ്ങൾ നിന്നെ സ്തുതിക്കുന്നു, ഞങ്ങൾ
നിന്നെ വാഴ്ത്തുന്നു, ഞങ്ങൾ നിന്നെ
വന്ദിക്കുന്നു, ഞങ്ങൾ നിന്നെ | മഹ ത്വ പ്പെടു ത്തു ന്നു;
നിന്റെ വലിയ മഹത്വത്തിന്നായി
ഞങ്ങൾ നിനക്കു | സ്തോ ത്രം ചെ യ്യു ന്നു
ഏകജാതനായ യേശുക്രിസ്തുവാകുന്ന | ക ർത്താ വേ
കർത്താവായ ദൈവമേ | പിതാ വി ന്റെ പു ത്രാ
ലോകത്തിന്റെ പാപത്തെ ചുമക്കുന്നവനായി
ദൈവത്തിന്റെ കുഞ്ഞാടാ | യു ള്ളോ വേ
ഞങ്ങളോടു കരുണയുണ്ടാ | കേ ണ മേ
ലോകത്തിന്റെ പാപത്തെ ചുമക്കു | ന്ന വ നേ
ഞങ്ങളുടെ പ്രാർത്ഥന കൈക്കൊ | ള്ളേ ണ മേ
പിതാവായ ദൈവത്തിന്റെ വലത്തു ഭാഗത്തിരിക്കു | ന്ന വ നേ




## വന്ദനം *(THE SALUTATION)*



## ചുരുക്ക പ്രാർത്ഥന *(THE COLLECT)*

ശുശ്രൂഷകൻ പീഠത്തിലേക്കു തിരിഞ്ഞ് അതതു ദിവസത്തിനുള്ള ചുരുക്ക പ്രാർത്ഥന ചൊല്ലണം



പ്രിയ കർത്താവേ ഞങ്ങളുടെ പാപങ്ങൾ നിമിത്തം
വരാനിരിക്കുന്ന ആപത്തുകളിൽ | നി - ന്നും



ഞങ്ങൾ നിന്റെ കാവലിനാൽ വിടുവിക്കപ്പെ | ടേ ണ്ട തി ന്നും



ശക്തിയേറിയ നിന്റെ വീണ്ടെടുപ്പിനാൽ രക്ഷ പ്രാപിക്കേണ്ടതിന്നു | മാ - യി



നീ നിന്റെ ശക്തിയോടു ഞങ്ങളുടെ അടുക്കൽ വ | രേ ണ മെ ന്നു



പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏക
ദൈവമായി | എ ന്നേ ക്കും



ജീവിച്ചു വാഴുന്ന നിന്നോടു ഞങ്ങൾ അപേക്ഷി | ച്ചു കൊ ള്ളു ന്നു

സഭ:



ആ - - - മേൻ

## ലേഖന പാഠം *( THE EPISTLE )*

ലേഖനപാഠം വായിക്കുമ്പോൾ സഭ ഇരിക്കാം.

ശുശ്രൂഷകൻ : ...... നാളിന്നുള്ള ലേഖനപാഠം ...... പുസ്തകത്തിൽ ...... അദ്ധ്യായത്തിൽ ...... വചനം മുതൽ എഴുതിയിരിക്കുന്നു എന്നു പറഞ്ഞിട്ട് അന്നത്തെ ലേഖനപാഠം വായിക്കണം. ലേഖന പാഠം വായിച്ചുതീർന്നശേഷം,

ശുശ്രൂഷകൻ: ലേഖനപാഠം വായിച്ചു തീർന്നു.

സഭ: (നോമ്പുകാലം ഒഴികെ)



ഹ ല്ലേ ലൂ - യാ, ഹ ല്ലേ ലൂ - യാ,



ഹ ല്ലേ ലൂ - - യാ

## സുവിശേഷപാഠം *(THE GOSPEL)*

ഇന്നത്തെ സുവിശേഷപാഠം ............... സുവിശേഷത്തിൽ............... അദ്ധ്യായത്തിൽ ............... വാക്യം മുതൽ എഴുതിയിരിക്കുന്നുവെന്ന് ശുശ്രൂഷകൻ പറയണം.

സഭ: (എഴുന്നേറ്റിട്ട്)



കർത്താവേ നിനക്കു മഹത്വമു ണ്ടാ കു മാ റാ ക ട്ടെ

സുവിശേഷപാഠം വായിച്ചുതീർന്നശേഷം ശുശ്രൂഷകൻ:

സുവിശേഷപാഠം വായിച്ചുതീർന്നു.

സഭ:



ക്രിസ് തു വേ നിനക്കു സ്തോ - ത്രം

## അപ്പോസ്തല വിശ്വാസപ്രമാണം *(THE APOSTLES' CREED)*

(ശുശ്രൂഷകനും സഭയും ചേർന്ന് ചൊല്ലണം.)

സർവശക്തിയുള്ള പിതാവായി ആകാശത്തെയും ഭൂമിയെയും സൃഷ്ടിച്ചവനായ ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു.

അവന്റെ ഏക പുത്രനായി നമ്മുടെ കർത്താവായ യേശു ക്രിസ്തുവിലും ഞാൻ വിശ്വസിക്കുന്നു. ആയവൻ പരിശുദ്ധാത്മാവിനാൽ ഉല്പാദിക്കപ്പെട്ട്, കന്യക മറിയയിൽ ജനിച്ച്, പൊന്തിയോസ് പീലാത്തോസിന്റെ കീഴിൽ കഷ്ടം അനുഭവിച്ച്, ക്രൂശിക്കപ്പെട്ട്, മരിച്ച്, അടക്കപ്പെട്ടു; അവൻ പാതാളത്തിലേക്ക് ഇറങ്ങി മൂന്നാം ദിവസം മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേറ്റു സ്വർഗാരോഹണം ചെയ്ത്, സർവശക്തിയുള്ള പിതാവായ ദൈവത്തിന്റെ വലത്തുഭാഗത്തു ഇരിക്കുന്നു. അവിടെനിന്ന് അവൻ ജീവനുള്ളവരെയും മരിച്ചവരെയും ന്യായം വിധിപ്പാൻ വരികയും ചെയ്യും.

പരിശുദ്ധാത്മാവിൽ ഞാൻ വിശ്വസിക്കുന്നു; വിശുദ്ധന്മാരുടെ കൂട്ടം ആകുന്ന വിശുദ്ധ ക്രിസ്തീയ സഭയും, പാപമോചനവും, ശരീരത്തിന്റെ പുന രുത്ഥാനവും, നിത്യ ജീവനും ഉണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. ആമേൻ.

## പാട്ട്
## പ്രസംഗം

പ്രസംഗം അവസാനിച്ചശേഷം ശുശ്രൂഷകൻ ചൊല്ലേണ്ടത്:

സകല ബുദ്ധിയെയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയേശുവിങ്കൽ കാക്കുമാറാകട്ടെ.

സഭ ധർമശേഖരവാക്യങ്ങൾ പാടണം.

## ധർമശേഖര വാക്യങ്ങൾ *(THE OFFERTORY)*

സങ്കീ. 51, 10–12

